# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1785 **07.03.2018-ൽ മറുപടിയ്ക്ക്**

**പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റുകൾ**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുരയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പൂജപ്പുരയിൽ അത്യാധുനിക സൗകര്യങ്ങളോട്ടുകൂടിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ നിലവിൽ ഉണ്ട്. |
| (ബി) | ഗൈനക്കോളജിവിഭാഗത്തിനായി ഇവിടെ അലോപ്പതി വിഭാഗവും പ്രവർത്തിച്ച വരുന്നുണ്ടോ; | (ബി) | ഗൈനക്കോളജി വിഭാഗത്തിനായി ഇവിടെ അലോപ്പതി വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) | അതിനായി ചെലവേറിയ അത്യാധുനിക സംവിധാനങ്ങളോട്ടു കൂടിയ ലേബർ റൂം ഇവിടെ യാഥാർത്ഥ്യമാക്കിയിട്ടുണ്ടോ; | (സി) | അത്യാധുനിക സൗകര്യങ്ങളോട്ടുകൂടിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ലേബർ റൂം നിലനിൽക്കെ, ആശുപത്രിയിലെ രണ്ട് ഗൈനക്കോളജിസ്റ്റുകളെ തസ്തികയടക്കം മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലെ ആശുപത്രികളിൽ മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള യജ്ഞത്തിന്റെ ഭാഗമായിട്ടാണ് പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിന്നും ആരോഗ്യ വകുപ്പിന്റെ രണ്ട് ഗൈനക്കോളജിസ്റ്റുകളുടെ തസ്തിക ആരോഗ്യ വകുപ്പ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് പുനർവിന്യസിച്ചത്. |
| (ഇ) | ഇവിടത്തെ ഗൈനക്കോളജി വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ഇതുമൂലമുണ്ടായ ബുദ്ധിമുട്ട് പരിഗണിച്ച് രണ്ട് ഗൈനക്കോളജിസ്റ്റുകളെ തസ്തികയടക്കം ഇവിടെ പുനഃസ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഇ) | സർക്കാർ ഈ വിഷയം പരിശോധിച്ച വരുന്നു |

സെക്ഷൻ ഓഫീസർ